**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 526** **20-03-2023 - ൽ മറുപടിയ്ക്ക്**

**ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. നന്ദകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് വിവിധ ജില്ലകളിൽ നടത്തുന്ന തീര സംരക്ഷണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | തീരസംരക്ഷണത്തിനായി കിഫ്ബി ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ആലപ്പുഴ ജില്ലയിലും, എറണാകുളം ജില്ലയിലും തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രവൃത്തികളായ കടൽ ഭിത്തിയുടെയും, പുലിമുട്ടുകളുടെയും നിർമ്മാണത്തിന് ടെട്രാപോഡുകൾ, കരിങ്കൽ എന്നിവ ഉപയോഗിച്ചുള്ള ഡിസൈൻ ഐ.ഐ.ടി. ചെന്നൈ, നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) -ൽനിന്ന് ലഭ്യമാക്കിയാണ് ഏകദേശം 23.05 കിലോമീറ്റർ തീരദേശ സംരക്ഷണ പ്രവൃത്തികൾ ഇരു ജില്ലകളിലുമായി നടന്നു വരുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ആലപ്പുഴ ജില്ല**<br><br>1. ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹49.859 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 72% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹53.358 കോടി |

| | | | |
|---|---|---|---|
| | | | രൂപ). പദ്ധതി പ്രവൃത്തികൾ 79% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>3. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹21.635 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 66% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>4. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹28.519 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>5. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹30.67 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 85% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>6. ചേർത്തല നിയോജകമ ണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹78.34 കോടി രൂപ). പദ്ധതി ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**എറണാകുളം ജില്ല**<br><br>കിഫ്ബി – എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നും ഇടയിൽ 10 കി.മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം – ഘട്ടം I – CP 986 നും CP 1026 നും ഇടയിൽ 7.35 കി.മീറ്റർ നീളത്തിലെ കടൽഭിത്തിയുടെ നവീകരണം. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായ CP 986 നും CP 1026 നും ഇടയിൽ 7.35 കിലോമീറ്റർ നീളത്തിൽ തീരദേശസംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹344.20 കോടി രൂപ). ഒന്നാം ഘട്ട പദ്ധതിയുടെ കരാർ തുക ₹256.89 കോടി രൂപയാണ്. പദ്ധതി പ്രവൃത്തികൾ 87% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കരിങ്കൽ ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക | (ബി) | തിരുവനന്തപുരം ജില്ലയിൽ പൂന്തുറ മുതൽ വലിയതുറ |

| | | | |
|---|---|---|---|
| | പ്രശ്നങ്ങളും ലഭ്യതക്കുറവും പരിഗണിച്ച് തിരുവനന്തപുരം പൂന്തുറ മുതൽ വലിയതുറ വരെ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി വിലയിരുത്താറായിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | | വരെ 700 മീറ്റർ നീളത്തിൽ ജിയോട്യൂബ് ഉപയോഗിച്ചുള്ള തീരസംര ക്ഷണ പ്രവൃത്തിയാണ് നടപ്പിലാക്കുന്നത്. നിലവിൽ 100 മീറ്റർ നീളത്തിലുള്ള ആദ്യ സെഗ്മെന്റ് ഭാഗികമായി പൂർത്തീകരിച്ചു. പൂർത്തീകരിച്ച സെഗ്മെന്റിന്റെ Post Monsoon behaviour സംബന്ധിച്ച പഠനം നടന്നു വരുന്നു. |
| (സി) | ആലപ്പുഴ ജില്ലയിൽ കടലാക്രമണം രൂക്ഷമായ ഇടങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ച് ആധുനിക രീതിയിലുള്ള പുലിമുട്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളിൽ ജലസേചന വകുപ്പ് നടത്തിവരുന്ന പദ്ധതികൾക്ക് പുറമെ കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ആലപ്പുഴ ജില്ലയിലെ കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങളിൽ ₹184.04 കോടി രൂപ ചെലവിൽ ഐ.ഐ.ടി ചെന്നൈയുടെ രൂപകൽപ്പന പ്രകാരം പുലിമുട്ടുകൾ നിർമ്മിച്ച് വരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>ആലപ്പുഴ ജില്ല</u>**<br><br>1. ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 72% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 79% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>3. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 66% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>4. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>5. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കി. മീറ്റർ |

| | | | |
|---|---|---|---|
| | | | നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി. പദ്ധതി പ്രവൃത്തികൾ 85% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>6. ചേർത്തല നിയോജകമണ്ഡല ത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ